# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 30<br>August 30 | 2018 |
|---|---|

*1193 ചിങ്ങം 14 വ്യാഴം*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**അഗ്നിശമന സേനാംഗങ്ങളെയും കുട്ടവഞ്ചിക്കാരെയും ആദരിക്കും**

റാന്നിയിലെ പ്രളയബാധിത മേഖലയിൽ രക്ഷാപ്രവർത്തനം നടത്തിയ അഗ്നിശമന സേനാംഗങ്ങളേയും കുട്ട വഞ്ചിക്കാരേയും അനുമോദിക്കുന്നു. ഇന്ന് (31ന്) ഉച്ചകഴിഞ്ഞ് മൂന്നിന് റാന്നി ഇട്ടിയപ്പാറയിൽ നടക്കുന്ന അനുമോദന യോഗം വനം വകുപ്പ് മന്ത്രി കെ. രാജു ഉദ്ഘാടനം ചെയ്യും. രാജു ഏബ്രഹാം എംഎൽഎ അധ്യക്ഷനാകും. വെള്ളം ഉയർന്നുകൊണ്ടിരിക്കുമ്പോൾ 15ന് വെളുപ്പിനെ മൂന്നു മുതൽ രാജു എബ്രഹാം എം എൽ എ യോടൊപ്പം റബർ ഡിങ്കിയിൽ 16 മണിക്കൂർ നീണ്ട രക്ഷാപ്രവർത്തനമാണ് അഗ്നിശമന സേന നടത്തിയത്. 3000 പേരെയാണ് ഇവർ ജീവിതത്തിലേക്ക് കൈപിടിച്ചു കയറ്റിയത്. കുട്ട വഞ്ചിക്കാർ നൂറിൽ അധികം പേരെയാണ് രക്ഷപെടുത്തിയത്.

(പിഎൻപി 2597/18)

**യു.എ.ഇയിൽ ബി.എസ്‌സി നഴ്സുമാർക്ക് അവസരം**

യു.എ.ഇയിലെ അജ്മാനിൽ തുംബെ എന്ന സ്വകാര്യ ആശുപത്രിയിലേയ്ക്ക് നഴ്സുമാരെ തിരഞ്ഞെടുക്കുന്നതിന് നോർക്ക റൂട്ട്സ് അപേക്ഷ ക്ഷണിച്ചു, ബി.എസ്‌സി നഴ്സിങ് യോഗ്യതയും രണ്ടുവർഷത്തെ പ്രവൃത്തിപരിചയവും ഉള്ള വനിതകൾക്ക് അപേക്ഷിക്കാം. കൊച്ചിയിൽ സെപ്റ്റംബർ 15നും ബാംഗ്ലൂരിൽ 16നും ന്യൂഡൽഹിയിൽ 17, 18 തീയതികളിലും ഇന്റർവ്യൂ നടക്കും. ആകെ ഒഴിവ് 50. പ്രായം 35ൽ താഴെ. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി സെപ്റ്റംബർ അഞ്ച്. വിശദവിവരങ്ങൾക്ക് നോർക്ക റൂട്ട്സിന്റെ 24 മണിക്കൂർ കാൾ സെന്ററിൽ ബന്ധപ്പെടാം. ഫോൺ 1800 425 3939, 0471 233 33 39.

വെബ്സൈറ്റ് www.norkaroots.net

(പിഎൻപി 2598/18)

## പ്രളയദുരന്തത്തെ ജില്ല നേരിട്ടത് കൂട്ടായ്മയുടെ കരുത്തിൽ

അതിരൂക്ഷമായ പ്രളയദുരന്തത്തെ ജില്ല നേരിട്ടത് കൂട്ടായ്മയുടെ കരുത്തിലാണ്. ജന പ്രതിനിധികളും സർക്കാർ സംവിധാനങ്ങളും സന്നദ്ധസംഘടനകളും പൊതുജനങ്ങളും ഒരേ മനസ്സോടെ പ്രവർത്തിച്ചതുകൊണ്ടാണ് മഹാപ്രളയത്തിൽ വലിയ ആളപായമില്ലാതെ ജില്ലയെ രക്ഷിക്കുവാൻ കഴിഞ്ഞത്. ആഗസ്റ്റ് 14ന് രാത്രി മുന്നറിയിപ്പ് ലഭിച്ചതുമുതൽ ജില്ലയിലെ റവന്യു, പോലീസ്, തദ്ദേശഭരണം, ഫയർഫോഴ്സ്, വനം തുടങ്ങിയ വകുപ്പുകൾ അതീവ ശ്രദ്ധ യോടെ നടത്തിയ പ്രവർത്തനങ്ങളാണ് ദുരന്തനിവാരണത്തിന് കൈത്താങ്ങായത്. ആഗസ്റ്റ് 14ന് രാത്രി വൈകി ജില്ലാ കളക്ടർ പി.ബി.നൂഹ് ജില്ലയിലെ എല്ലാ തഹസീൽദാർമാർക്കും അതീവജാഗ്രതാ നിർദേശം നൽകുകയും ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്ന തിനുള്ള നടപടികൾ ആരംഭിക്കുവാനും നിർദേശിച്ചു. 15ന് രാവിലെ ആറിന് ജില്ലാ ദുരന്തനി വാരണ അതോറിറ്റിയുടെ അടിയന്തരയോഗം ജില്ലാ കളക്ടർ പി.ബി.നൂഹിന്റെ അധ്യക്ഷത യിൽ റാന്നിയിൽ ചേർന്ന് അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കുള്ള നടപടികൾ പൂർത്തിയാ ക്കി. സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ ഔപചാരികമായ ചടങ്ങുകളിൽ ഒതുക്കി ജില്ലയുടെ ചുമതലയുള്ള ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസും ജില്ലാ കളക്ടർ പി.ബി.നൂഹും രാവിലെ ഒമ്പത് മണിയോടെ റാന്നിയിൽ നേരിട്ടെത്തി രക്ഷാപ്രവർത്തനങ്ങളുടെ ഏകോപനം ഏറ്റെടുത്തു. ഫയർഫോഴ്സിന്റെ ഡിങ്കികൾ ചുമന്ന് വെള്ളത്തിലിറക്കുന്നതിനും ജനങ്ങളെ ഒഴിപ്പിക്കുന്നതിനും ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസ് നേരിട്ട് ഇറങ്ങി. രാജുഎ ബ്രഹാം എംഎൽഎയുടെ നേതൃത്വത്തിൽ 15ന് വെളുപ്പിന് മുതൽ ഫയർഫോഴ്സിന്റെ റബർ ഡിങ്കികളിൽ രക്ഷാപ്രവർത്തനം ആരംഭിച്ചിരുന്നു. റാന്നി തഹസീൽദാർ കെ.വി.രാധാ കൃഷ്ണൻ നായരുടെ നേതൃത്വത്തിൽ റവന്യു വകുപ്പിന്റെ ചുമതലയിൽ അനൗൺസ്മെന്റ് ഉ ൾപ്പെടെ അടിയന്തര രക്ഷാപ്രവർത്തനങ്ങളും മുന്നറിയിപ്പുകളും നൽകിയത് ദുരന്തത്തിന്റെ ആഘാതം കുറയ്ക്കുന്നതിന് സഹായകമായി.

റാന്നിയിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകിയ ശേഷം ജലവിഭവ വകുപ്പ് മന്ത്രിയും ജില്ലാ കളക്ടറും ഉച്ചയോടെ കളക്ടറേറ്റിലെ കൺട്രോൾ റൂമിലെത്തി പ്രവർത്തനങ്ങളുടെ ഏകോപനം കൂടുതൽ കാര്യക്ഷമമാക്കി.എഡിഎം പി.റ്റി.എബ്രഹാം, ഹുസൂർ ശിരസ്തദാർ വില്യം ജോർജ് എന്നിവരുടെ നേതൃത്വത്തിൽ കളക്ടറേറ്റിലെ കൺട്രോൾ റൂമും അടിയന്തര സാഹചര്യത്തെ നേരിടുന്നതിനുള്ള സംവിധാനങ്ങൾ 15ന് ഉച്ച യോടെ പൂർണസജ്ജമാക്കി.

ആറന്മുളയിൽ വീണാജോർജ് എംഎൽഎയുടെ നേതൃത്വത്തിൽ കോഴഞ്ചേരി തഹ സീൽദാർ ബി.ജ്യോതിയുടെയും വില്ലേജ് ഓഫീസർമാരുടെയും ചുമതലയിൽ കോഴഞ്ചേരി താലൂക്കിലെ താഴ്ന്ന പ്രദേശങ്ങളിൽ നിന്നും ആളുകളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റുന്ന പ്രവർത്തനം 15ന് രാവിലെതന്നെ ആരംഭിച്ചിരുന്നു. നേരത്തേ തന്നെ പ്രളയബാധിത മായിരുന്ന തിരുവല്ല താലൂക്കിലെ താഴ്ന്ന പ്രദേശങ്ങളിലുള്ളവരെ സുരക്ഷിത സ്ഥാനങ്ങളി ലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ജലവിഭവ വകുപ്പ് മന്ത്രിയുടെ നിർദേശപ്രകാരം തിരുവല്ല ആർഡിഒ ടി.കെ.വിനീത്, തഹസീൽദാർ ശോഭന ചന്ദ്രൻ എന്നിവരുടെ നേതൃത്വത്തി ൽ ഊർജിതമായി 15ന് തന്നെ ആരംഭിച്ചു. കുടുങ്ങിപ്പോയവരിൽ ഏറെയും ഇരുനില വീടുക ളിലുള്ളവരായിരുന്നു. വീടിന്റെ രണ്ടാമത്തെ നിലയിൽ വെള്ളം കയറില്ലെന്ന പ്രതീക്ഷയാണ് ഇത്തരക്കാർ കുടുങ്ങിപ്പോകാനുണ്ടായ പ്രധാന കാരണം. കോന്നി താലൂക്കിൽ അടൂർ പ്രകാശ് എംഎൽഎയുടെ നേതൃത്വത്തിൽ തഹസീൽദാർ റ്റി.ജി.ഗോപകുമാറിന്റെയും അടൂർ താലൂക്കിൽ ചിറ്റയം ഗോപകുമാർ എംഎൽഎയുടെ നേതൃത്വത്തിൽ ആർഡിഒ എം.എ റഹിമിന്റെയും തഹസീൽദാർ ഓമനക്കുട്ടന്റെയും നേതൃത്വത്തിലും രക്ഷാ

പ്രവർത്തനങ്ങൾക്കുമുള്ള നടപടികൾ 15ന് രാവിലെ തന്നെ ആരംഭിച്ചു. മല്ലപ്പള്ളി താലൂക്കിൽ തഹസീൽദാർ സോമനാഥന്റെ ചുമതലയിലാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടന്നത്. കളക്ടറേറ്റിലെ ഡെപ്യൂട്ടി കളക്ടർമാരായ പി.അജന്തകുമാരി, വി.ബി.ഷീല, അലക്സ് പി.തോമസ്, എസ്.ശിവപ്രസാദ്, ജ്യോതിലക്ഷ്മി എന്നിവരെ വിവിധ പ്രദേശങ്ങളിലെ രക്ഷാപ്രവർത്തനങ്ങളുടെ ഫീൽഡുതല ഏകോപനം നിർവഹിക്കുന്നതിന് നിയോഗിച്ചു. തഹസീൽദാർമാർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകി വിവിധ വകുപ്പുകളെ കൂട്ടിയിണക്കി ഫീൽഡുതല ഏകോപനം കാര്യക്ഷമമായി നിർവഹിച്ചത് ഡെപ്യൂട്ടികളക്ടർമാരാണ്.

ജില്ലയിലെ 1076 റവന്യു ജീവനക്കാരിൽ 800ഓളം പേർ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുഴുവൻ സമയവും പങ്കാളികളായി. വെള്ളത്തിൽ കുടുങ്ങിപ്പോയവരും മറ്റ് ജില്ലകളിൽ നിന്നും എത്തുവാൻ കഴിയാതെ വന്നവരും 21ന് ശേഷമാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളായത്. പ്രളയബാധിത പ്രദേശങ്ങളിലെ വില്ലേജ് ഓഫീസർമാരും വില്ലേജിലെ ജീവനക്കാരുമാണ് ഏറെ അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചത്. ബോട്ടുകൾ എത്തുന്നതിന് മുമ്പ് ആളുകളെ വീടുകളിൽ നിന്നും വിളിച്ചിറക്കി ക്യാമ്പുകളിലെത്തിക്കുന്നതിന് വില്ലേജ് ജീവനക്കാർ തിരക്കിട്ട ശ്രമങ്ങളാണ് നടത്തിയത്. ജലനിരപ്പ് ഉയർന്നതോടെ കോഴഞ്ചേരി താലൂക്കിലെ ചില വില്ലേജുകളിലെ ജീവനക്കാർ ചെറിയ വള്ളങ്ങളും ചങ്ങാടങ്ങളും ഉപയോഗിച്ച് ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ജീവൻ പണയം വച്ചാണ് പല വില്ലേജുകളിലെയും ജീവനക്കാർ രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളായത്.

15ന് രാവിലെ 16 കുട്ടവഞ്ചികൾ വനം വകുപ്പിന്റെ അടവിയിലെ കുട്ടവഞ്ചി സവാരി കേന്ദ്രത്തിൽ നിന്ന് എത്തിച്ച് രക്ഷാപ്രവർത്തനങ്ങൾ നടത്തി. ഇത് പര്യാപ്തമല്ലെന്ന ബോധ്യമായ ഉടൻ കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്ന് മത്സ്യബന്ധന ബോട്ടുകൾ എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ എസ്.ഹരികിഷോർ 15ന് രാത്രി കളക്ടറേറ്റിലെത്തി പ്രവർത്തനങ്ങളുടെ ഏകോപനത്തിൽ ജില്ലാ കളക്ടറെ സഹായിച്ചു. 16ന് ഡിഐജി ഷെഫീൻ അഹമ്മദ് കൂടി എത്തിയതോടെ റവന്യു, പോലീസ് വകുപ്പുകളുടെ ഏകോപനം കൂടുതൽ കാര്യക്ഷമമായി.

പോലീസ് സേന രക്ഷാപ്രവർത്തനത്തിൽ കാര്യക്ഷമമായ പങ്കാണ് വഹിച്ചത്. ജില്ലാ പോലീസ് മേധാവി ടി.നാരായണന്റെ നേതൃത്വത്തിൽ 700ഓളം പോലീസ് സേനാംഗങ്ങളാണ് രക്ഷാപ്രവർത്തനങ്ങളിൽ നേരിട്ട് പങ്കെടുത്തത്. ഫയർഫോഴ്സിന്റെ 400ഓളം സേനാംഗങ്ങൾ ഡിങ്കികളിലും മത്സ്യബന്ധന ബോട്ടുകളിലുമായി രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്തു.

കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നെത്തിയ 149ഓളം മത്സ്യബന്ധനബോട്ടുകളുടെയും ഇവയിലെ തൊഴിലാളികളുടെയും സേവനമാണ് ജില്ലയ്ക്ക് ഒരിക്കലും മറക്കാൻ കഴിയാത്തത്. കുടുങ്ങിക്കിടന്ന 52000ഓളം ആളുകളെ പുറത്തെത്തിക്കാൻ പ്രധാന പങ്കുവഹിച്ചത് ഈ മത്സ്യത്തൊഴിലാളികളും അവരുടെ ബോട്ടുകളുമാണ്. ഇതിന്റെ ഏകോപനം പൂർണമായും നിർവഹിച്ചത്. കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ എൻ.നന്ദകുമാറിന്റെ നേതൃത്വത്തിൽ ഹുസൂർ ശിരസ്തദാർ വില്യം ജോർജ്, വി.എ.ബേബി, വി.ബിജു, സുജാകുമാരി, രാമകൃഷ്ണപ്രകാശ്, ബാലചന്ദ്രൻ എന്നിവരാണ്. ഇതിന് പുറമേ ജില്ലയിലെ സന്നദ്ധസംഘടനകളും യുവജനസംഘടനകളും രാഷ്ട്രീയപാർട്ടികളും വിവിധ മത, സാമുദായിക സംഘടനകളും തിളക്കമാർന്ന പ്രവർത്തനങ്ങളാണ് രക്ഷാപ്രവ ർത്തനങ്ങളിൽ കാഴ്ചവച്ചത്.

സർക്കാർ സംവിധാനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും കൂട്ടായ്മകൾ ദുരന്തങ്ങളെ നേരിടുന്നതിന് എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം എന്നതിന്റെ തിളങ്ങുന്ന അധ്യായമാണ് ജില്ലയിൽ 15 മുതൽ നടന്ന ദുരന്തനിവാരണ പ്രവർത്തനം.

(പിഎൻപി 2599/18)

## തിരക്കൊഴിയാതെ അടൂരിലെ സംഭരണകേന്ദ്രം

പ്രളയക്കെടുതികൾക്ക് ശേഷവുംതിരക്കൊഴിയാതെ അടൂർ മാർത്തോമ്മ കൺവെൻഷൻ സെന്ററിലെ സംഭരണ കേന്ദ്രം. ക്യാമ്പുകൾ പ്രവർത്തിച്ചിരുന്ന സമയത്ത് ജില്ലയിലെ വിവിധ ഉപ സംഭരണ കേന്ദ്രങ്ങളിലേക്ക് ക്യാമ്പുകളിൽ വിതരണത്തിനായി സാധനങ്ങൾ എത്തിച്ചിരുന്നത് പ്രധാന സംഭരണകേന്ദ്രമായ ഇവിടെ നിന്നാണ്. അടൂരിലുള്ള പ്രധാന സംഭരണ കേന്ദ്രത്തിന് പുറമേ ജില്ലയിൽ എട്ട് സ്ഥലങ്ങളിലായി ഉപസംഭരണകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വെള്ളമിറങ്ങിയശേഷം ക്യാമ്പുകളിൽ നിന്ന് വീടുകളിലേയ്ക്ക് മടങ്ങുന്നവർക്ക് സംഭരണകേന്ദ്രത്തിൽ ലഭിച്ച സാധനങ്ങൾ വിതരണംചെയ്യുകയാണ് ഇവിടെ.തിരുവല്ല, മല്ലപ്പള്ളി, റാന്നി, കോഴഞ്ചേരി, കോന്നി താലൂക്കുകളിലെ വിവിധ സംഭരണകേന്ദ്രങ്ങളിലേക്കാണ് ഇവിടെനിന്നും സാധനങ്ങൾ നൽകുന്നത്. അടൂർ താലൂക്കിലേക്കുള്ള ടേക്ക് ഹോം കിറ്റുകളും തയാറാക്കി ഇവിടെനിന്നും വിതരണം ചെയ്യുന്നുണ്ട്. ആയിരക്കണക്കിന് സന്നദ്ധപ്രവർത്തകരുടെ സേവനമാണ് ഇതിനായി ലഭിക്കുന്നത്. സന്നദ്ധപ്രവർത്തകർക്കുള്ള ഭക്ഷണം റവന്യു വകുപ്പിന്റെ ചുമതലയിൽ നൽകുന്നുണ്ട്. കുടുംബശ്രീയുടെ പത്തനംതിട്ടയിലുള്ള കഫേ കുടുംബശ്രീയുടെ ചുമതലയിലാണ് സന്നദ്ധപ്രവർത്തകർക്കുള്ള ഭക്ഷണം എത്തിക്കുന്നത്. സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നും എത്തുന്ന അവശ്യസാധനങ്ങളും തുണിത്തരങ്ങളും തരംതിരിച്ച് വിവിധ ക്യാമ്പുകളിലെ ആവശ്യാനുസരണം ഉപസംഭരണകേന്ദ്രങ്ങളിലേക്ക് എത്തിക്കുകയെന്ന ശ്രമകരമായ ജോലിയാണ് പ്രധാന സംഭരണകേന്ദ്രത്തിന് നിർവഹിക്കാനുള്ളത്.

ഈ മാസം 18ന് ആരംഭിച്ച അടൂരിലെ കളക്ഷൻ സെന്ററിലേയക്ക് സംസ്ഥാനത്തിന് പുറത്ത് നിന്നുൾപ്പെടെ നിരവധി സഹായങ്ങളാണ് എത്തിയത്. ഏറ്റവുംകൂടുതൽ സഹായം ലഭിച്ചത് തമിഴ്നാട്ടിൽ നിന്നാണ്. കൂടാതെ പഞ്ചാബിൽ നിന്നും പാലുൽപ്പന്നങ്ങളും, ഗുജറാത്തിൽ നിന്നും അമുലിന്റെ ഉൽപ്പന്നങ്ങളും ഇവിടെയെത്തിച്ചിരുന്നു. തിരുവനന്തപുരം ജില്ലാ ഭരണകൂടത്തിന്റെ കീഴിൽ പ്രളയബാധിതർക്കായി ശേഖരിച്ച സാധനങ്ങളും ഇവിടെയാണ് എത്തിച്ചിരുന്നത്. സംഭരണ കേന്ദ്രത്തിൽ രാത്രിയും പകലുമായി നിന്ന് സാധനങ്ങൾ തരംതിരിക്കുന്ന ജോലി വോളന്റിയേഴ്സ് ഇപ്പോഴും തുടരുകയാണ്. അർഹരായവർക്ക് സേവനം എത്തിക്കണമെന്ന് ഉദ്ദേശത്തോടെ നിരവധി ആളുകൾ അടൂരിലെ കളക്ഷൻ സെന്ററുകളിലേക്ക് സഹായ പ്രവാഹവുമായി ഇപ്പോഴും എത്തുന്നുണ്ട്. അടൂർ ഭൂരേഖ തഹസീൽദാർ കെ. നവീൻ ബാബുവിന്റെ നേതൃത്വത്തിൽ റവന്യു വകുപ്പിലെ 15ഓളം ഉദ്യോഗസ്ഥരാണ് സംഭരണകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. (പിഎൻപി 2600/18)

## കിണർശുചീകരണത്തിന് ഹരിതകേരളം മിഷൻ

പ്രളയബാധിത പഞ്ചായത്തുകളിലെ കിണറുകൾ ശുചീകരിക്കുന്നതിന് കൈകോർത്ത് ജില്ലാ ഹരിതകേരള മിഷനും ജില്ലാ വ്യവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ കർമ്മ സേനയും. കിണറുകളിലെ മാലിന്യം നീക്കി ക്ലോറിനേഷൻ ചെയ്താണ് ഈ സംഘം കിണറുകൾ ശുചീകരിക്കുന്നത്. ജില്ലയിലെ ദുരിതബാധിത പഞ്ചായത്തുകളായ തോട്ടപ്പുഴശേരി, റാന്നി, അങ്ങാടി, പെരുനാട്, ചെന്നീർക്കര, മല്ലപ്പുഴശ്ശേരി, അയിരൂർ പഞ്ചായത്തുകളിൽ അമ്പതിലധികം കിണറുകൾ ഇന്നലെ ശുചീകരിച്ചു. സംഘത്തിന്റെ പ്രവർത്തനം ദുരിതബാധിതമായ മറ്റ് പഞ്ചായത്തുകളിലും നടത്തും. കൊടുമൺ എസ്.ഇ.ഡി.ഡിഐ.ടി.ഐ, കോന്നി എം.സി .എംഐ.ടി.ഐ, മല്ലപ്പള്ളി സെൻട്രൽ ഐ.ടി.ഐ, മല്ലപ്പള്ളി സെന്റ്ജോസഫ് ഐ.ടി.ഐ, ചെറുകോൽ മർത്തോമ ഐ.ടി.ഐ, അടൂർ എം.എം.ഡി.എം. ഐ.ടി.ഐ, മൈലപ്ര എം.ഡി. ഐ.ടി.ഐ., റാന്നി ഗവൺമെൻ ഐ.ടി.ഐ, ഇലവുംതിട്ട ഗവൺമെന്റ് ഐ.ടി.ഐ, ചെന്നീർക്കര ഗവൺമെൻ ഐ.ടി.ഐ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും അധ്യാപകരും ഹരിതകേരളം മിഷൻ വോളന്റിയേഴ്സുമാണ് കിണർ ശുചീകരണ യൂണിറ്റിലെ അംഗങ്ങൾ. നൈപുണ്യസേന ഇതിനോടപ്പം പ്രളയബാധിത മേഖലകളിലെ വീടുകളിൽ തകരാറിലായ ഇല

ക്ട്രിക്, വയറിംഗ്, പ്ലംബിംഗ് ജോലികളും സൗജന്യമായി ചെയ്തു നൽകുന്നുണ്ട്. കൂടാതെ ഹരിതകേരള മിഷന്റെ നേതൃത്വത്തിൽവിവിധ പഞ്ചായത്തുകളിൽ വോളന്റിയേഴ്സന്റെ സഹകരണത്തോടെ ശുചീകരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

(പിഎൻപി 2602/18)

## ശുചീകരണ പ്രവർത്തനങ്ങൾക്കായി ജനമൈത്രീപോലീസും

ശുചീകരണ പ്രവർത്തനങ്ങളിൽ സജീവമായി ജില്ലയിൽ ജനമൈത്രി പൊലീസും രംഗത്ത്. പ്രളയക്കെടുതികൾക്ക് ശേഷമുള്ള ശുചീകരണ പ്രവർത്തനങ്ങളിലാണ് ജനമൈത്രി പൊലീസ് തങ്ങളുടെ കൈയ്യൊപ്പ് പതിപ്പിച്ചിരിക്കുന്നത്. പ്രളയബാധിതമായ പ്രദേശങ്ങളിലെ വീടുകളും സ്കൂളുകളുമാണ് ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ശുചീകരിക്കുന്നത്. കുറ്റൂർ വൃന്ദാവൻ കോളനി, വെൺപാല കോളനികൾ, മേപ്രാൽ വേങ്ങൽ കോളനി, കഴുപ്പിൽ കോളനി, ഓതറ അംബേദ്കർ കോളനി, അടമ്പടം കോളനി എന്നിവിടങ്ങളിലും തിരുവല്ലഎം.ജി എച്ച്.എസ്.എസ്, കാവുംഭാഗം ഡി.ബി. എച്ച്.എസ്.എസ്, തിരുമൂലപുരം ബാലികാമഠം, കുറ്റൂർ ഗവ. എൽ.പി.എസ്, ജി.എച്ച്.എസ്.എസ്.തിരുവല്ല, വേങ്ങൽ എം.ഡി. എൽ.പി.എസ്, മേപ്രാൽ ജി.എൽ.പി.എസ്, പെരിങ്ങര പി.എംവി.എച്ച്.എസ്.എസ് എന്നീ സ്കൂളുകളിലും വേങ്ങൽ ആരോഗ്യ കേന്ദ്രത്തിലും സംഘം ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. തങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഇപ്പോഴും ജനമൈത്രി പൊലീസ് ശുചീകരണ പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. കൂടാതെ ദുരിതമേഖലയിൽ ആവശ്യസാധനങ്ങളും മരുന്നുകളും വിതരണം ചെയ്യുന്നതിൽ ജനമൈത്രി പോലീസ് മുൻപന്തിയിലുണ്ട്. ഡി.വൈ.എസ്.പി സന്തോഷ്, സി.ഐമാരായ സന്തോഷ്, വിനോദ്കുമാർ, പി.ആർ.ഒ അശോകൻ എന്നിവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. (പിഎൻപി 2603/18)

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ആഗസ്റ്റ് 30**

**August 30**

**2018**

***1193 ചിങ്ങം 14 വ്യാഴം***

## പത്രക്കുറിപ്പ് -2



**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**


## സ്കൂൾ ശുചീകരണ കേന്ദ്രങ്ങൾ എസ്.എസ്.എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ സന്ദർശിച്ചു

ജില്ലയിലെ പ്രളയ ബാധിതമായ 104 സ്കൂളുകളിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളെ സമഗ്രശിക്ഷാ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ.എ.പി.കുട്ടികൃഷ്ണൻ അഭിനന്ദിച്ചു. 65 സ്കൂളുകളിലാണ് ശുചീകരണ പ്രവർത്തനങ്ങൾ ബഹുജന പങ്കാളിത്തത്തോടെ ഏറ്റെടുത്തു നടപ്പിലാക്കിയത്. ജി.യു.പി.എസ് ആറാട്ടുപുഴ, ഗവ.ഹയർ സെക്കന്ററി സ്കൂൾ കോയിപ്രം, ബി.ആർ.സി റാന്നി എന്നിവിടങ്ങളിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങൾ അദ്ദേഹം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തു. അധ്യാപകർ, പ്രഥമാധ്യാപകർ, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, എസ്.എസ്.എജീവനക്കാർ, ജില്ലാ, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർമാർ, ബി.പി.ഒമാർ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, ഡി.പി.ഐ ഉദ്യോഗസ്ഥർ, അധ്യാപക സംഘടനകൾ, ഇതര വകുപ്പിലെ ജീവനക്കാർ എന്നിവർ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളാണ് ജില്ലയിൽ നേരിട്ടെത്തി നിരീക്ഷിച്ചത്. സമഗ്രശിക്ഷാ അഭിയാനിലെ ജില്ലയിലെ മുഴുവൻ ജീവനക്കാരും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. കൂടാതെ കൊല്ലം ജില്ലയിൽ നിന്നും 250 പേരും, തിരുവനന്തപുരം ജില്ലയിൽ നിന്നും 200 പേരും ജില്ലയിലെ സ്കൂൾ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.എസ്.എസ്.എ പ്രവർത്തകരെ കൂടാതെ വിദ്യാഭ്യാസ ഓഫീസർമാരും ജനപ്രതിനിധികളും ഈ ജില്ലകളിൽ നിന്നും പങ്കെടുക്കുകയുണ്ടായി.

വിദ്യാഭ്യാസ ഉപഡയറക്ടർ എം.കെ.ഗോപി, എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീ

സർഡോ.ആർ.വിജയമോഹനൻ, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർമാരായ എസ്.രാധാകൃഷ്ണൻ നായർ, കെ.ജെ.ഹരികുമാർ, ഡയറ്റ് പ്രിൻസിപ്പൽ ബി.ലീലാകൃഷ്ണൻ നായർ, തിരുവല്ല ഡി.ഇ.ഒ ശാന്തമ്മ, തിരുവല്ല എ.ഇ.ഒ പ്രസീന, ബി.പി.ഒമാരായ കെ.എൻ.ശ്രീകുമാർ (പത്തനംതിട്ട), പ്രേമകുമാരി(റാന്നി), ജില്ലാ പ്രോഗ്രാം ഓഫീസർമാരായ സിന്ധു.പി.എ, ജയലക്ഷ്മി എ.പി, സ്കൂൾ പ്രഥമാധ്യാപകർ എന്നിവരുമായി സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ചർച്ച നടത്തി. വെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടായ റാന്നി ബി.ആർ.സി യുടെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ പ്രാഥമികസഹായം അനുവദിക്കാമെന്ന് അദ്ദേഹം പറഞ്ഞു.

(പിഎൻപി 2604/18)

## കുടിവെള്ളം സൗജന്യമായി പരിശോധിക്കുന്നു

പ്രളയബാധിത പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിലെ ജലം കിണറുകളും മറ്റും വൃത്തിയാക്കിയതിന് ശേഷം ഉപയോഗയോഗ്യമാണെന്ന് ഉറപ്പാക്കുന്നതിന് കോന്നി പെരിഞ്ഞൊട്ടയ്ക്കലിൽ പ്രവർത്തിക്കുന്ന സിഎഫ്ആർഡിയുടെ ലബോറട്ടറിയിൽ കുടിവെള്ളം സൗജന്യമായി പരിശോധിച്ച് നൽകുന്നു. വെള്ളം പരിശോധിക്കാൻ ആഗ്രഹിക്കുന്നവർ 500 മി.ലി.കുറയാതെ വെള്ളം വൃത്തിയുള്ള പ്ലാസ്റ്റിക് കുപ്പിയിൽ ശേഖരിച്ച് ലാബിൽ എത്തിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് സൗജന്യമായും പിന്നീടുള്ളവർക്ക് 50 ശതമാനം ഇളവിലും പരിശോധന ഫലം ലഭിക്കും. (പിഎൻപി 2605/18)

## പാർട്ട് ടൈം സ്വീപ്പർ ഇന്റർവ്യൂ മാറ്റിവച്ചു

ഭാരതീയ ചികിത്സാ വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് സെപ്തംബർ മൂന്ന്, നാല് തീയതികളിൽ നടത്താനിരുന്ന ഇന്റർവ്യൂ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

(പിഎൻപി 2606/18)

## കടാശ്വാസം അനുവദിച്ചു

പട്ടികജാതി കടാശ്വാസ പദ്ധതി പ്രകാരം ജില്ലയിലെ ഏഴ് സഹകരണസംഘങ്ങളിൽ നിന്നും വായ്പ എടുത്ത 22 ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിച്ച് സർക്കാർ ഉത്തരവായി. 2010 മാർച്ച് 31ന് മുമ്പ് തിരിച്ചടവ് കാലാവധി പൂർത്തിയായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

(പിഎൻപി 2607/18)

## പ്രളയദിനങ്ങളിൽ നിസ്വാർഥ സേവനവുമായി ഡ്രൈവർമാർ

പ്രളയദിനങ്ങളിൽ ജില്ലയിലെ റവന്യു വകുപ്പിലെ ഡ്രൈവർമാർ നടത്തിയ നിസ്വാർഥ സേവനങ്ങൾ ദുരന്തലഘൂകരണത്തിന് ഏറെ സഹായിച്ചു. പ്രളയജലം ജില്ലയുടെ മിക്കഭാഗങ്ങളെയും വിഴുങ്ങുന്നതിന് തൊട്ടുമുമ്പ് ആത്മധൈര്യം കൈവിടാതെ മുട്ടറ്റം വെള്ളത്തിൽ വാഹനങ്ങളിൽ ഉദ്യോഗസ്ഥരെ വിവിധ സ്ഥലങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹായകമായി. മുന്നറിയിപ്പ് നൽകിയതിന് ശേഷം വിവിധ സ്ഥലങ്ങളിൽ നിന്ന് ആളുകളെ ക്യാമ്പുകളിൽ എത്തിക്കുന്നതിനും റവന്യു വകുപ്പിലെ വാഹനങ്ങളിലെ ഡ്രൈവർമാർ അതീവശ്രദ്ധ പുലർത്തിയിരുന്നു. ചില സ്ഥലങ്ങളിൽ വെള്ളക്കെട്ടുകളിൽ മുന്നോട്ട് ചലിക്കാനാവാത്ത അവസ്ഥകളിലും താലൂക്ക് ഓഫീസുകളിലെയും വില്ലേജ് ഓഫീസുകളിലെയും ജീവനക്കാരുമായി ഒറ്റപ്പെട്ട പ്രദേശങ്ങളിൽ കടന്നുചെന്ന് രക്ഷാപ്രവർത്തനങ്ങൾ നടത്തുവാൻ മുതിർന്ന ഉദ്യോഗസ്ഥരെ സഹായിച്ചത് ഇവരുടെ വിലപ്പെട്ട സേവനങ്ങളാണ്. ബക്രീദ്, ഓണം തുടങ്ങിയ എല്ലാ അവധി ദിവസങ്ങളിലും രാവും പകലുമില്ലാതെ കർമനിരതരായ ഇവരുടെ സേവനം ദുരന്തം നേരിടേണ്ടിവന്ന എല്ലാവർക്കും വലിയ കൈത്താങ്ങായി. (പിഎൻപി 2608/18)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ആഗസ്റ്റ് 30**<br>**August 30** | **2018** |

***1193 ചിങ്ങം 14 വ്യാഴം***

## പത്രക്കുറിപ്പ് 3

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**


**പ്രളയദുരിത ബാധിതർക്ക് കൈത്താങ്ങായി ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്:ഏഴു ടൺ ആട്ട കൈമാറി**

പ്രളയത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് കൈത്താങ്ങായി ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്. ദുരിതബാധിത മേഖലകളിൽ വിതരണം ചെയ്യുന്നതിനായി ചർച്ചിന്റെ പഞ്ചാബ് ഭദ്രാസനം സമാഹരിച്ച ഏഴു ടൺ ആട്ടയും 200 കിലോ അരിയും സഭയുടെ പരമാധ്യക്ഷൻ ഡോ. കെ.പി. യോഹന്നാൻ മെത്രാപ്പോലീത്ത ഇന്നലെ ജില്ലാ കലക്ടർ പി.ബി. നൂഹിന് കൈമാറി. നാളെ തിരുവല്ലയിൽ നടക്കുന്ന ചടങ്ങിൽ 10 ടൺ അരിയും രണ്ടു ടൺ ആട്ടയും മന്ത്രി മാത്യു ടി. തോമസിന് കൈമാറുമെന്ന് മെത്രാപ്പോലീത്ത പറഞ്ഞു. പ്രളയബാധിത മേഖലകളിൽ സഭയുടെ പ്രവർത്തനം മാതൃകാപരമായിരുന്നുവെന്ന് ജില്ലാ കലക്ടർ പി.ബി. നൂഹ് പറഞ്ഞു. സഭയുടെ വോളണ്ടിയർമാർ നിസ്വാർഥ സേവനമാണ് ചെയ്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.പി.ആർ.ഓ ഫാ. സിജോ ജോസ് പന്തപ്പള്ളിൽ, ബിഷപ്പ് ജോജു മാത്യു, ഫാ. ഷിജു മാത്യു, ഫാ. തോമസ് ജോൺ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

(പിഎൻപി 2609/18)

**ഫോട്ടോ അടിക്കുറിപ്പ്:** പ്രളയത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് കൈത്താങ്ങായി ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്എത്തിച്ച ആട്ടയും അരിയും ഡോ. കെ.പി. യോഹന്നാൻ മെത്രാപ്പോലീത്ത ജില്ലാ കലക്ടർ പി.ബി. നൂഹിന് കൈമാറിയ ശേഷം.


M:9746869617
Achu
M:9544786177
BELIEVER


Achu
BELIEVER